**<u>കേന്ദ്ര വിദേശകാര്യ സഹമന്ത്രി  എം.ജെ അക്ബര് ഔദ്യോഗിക സന്ദര്ശനത്തിന്   യുണൈറ്റഡ് അറബ് എമിറേറ്റ്സിലെക്കു ഏപ്രില് 10-11 , 2017 നു പോകുന്നു</u>**

ഏപ്രില് 07, 2017

കേന്ദ്ര വിദേശകാര്യ സഹമന്ത്രി ശ്രീ  എം.ജെ അക്ബര് ഔദ്യോഗിക സന്ദര്ശനത്തിന്   യുണൈറ്റഡ് അറബ് എമിറേറ്റ്സിലെക്കു ഏപ്രില് 10-11 , 2017 നു പോകുന്നു

സന്ദർശനത്തോട് അനുബന്ധിച്ച് , അദ്ദേഹം യുഎഇ വിദേശകാര്യ സഹമന്ത്രി, മറ്റുള്ള യുഎഇ നേതാക്കള് എന്നിവരുമായി കൂടിക്കാഴ്ച നടത്തുകയും പരസ്പരം താത്പര്യമുള്ള ഉഭയകക്ഷി, മേഖലാ, അന്താരാഷ്ട്ര വിഷയങ്ങളില് പൂർണമായും അവലോകനം നടത്തുകയും ചെയ്യും . അബുദാബിയില് നടക്കുന്ന യുഎഇയിലെ സ്ഥാനപതിമാരുടെ വാർഷിക യോഗത്തെ അഭിസംബോധന ചെയ്യുവാനുള്ള അവസരം അദ്ദേഹം ഉപയോഗിക്കും

യുഎഇയുമായി ഇന്ത്യക്കു വളരെ അടുപ്പമുള്ളതും ബഹുമുഖ ഉഭയകക്ഷി ബന്ധങ്ങളുമാണ് ,നിരന്തരമായുള്ള ഉന്നതതല സന്ദർശനങ്ങള്, വളരെ സമഗ്രമായ ജനങ്ങള് തമ്മിലുള്ള ബന്ധങ്ങള് മുഖേനയാണ് ഇവ സാധ്യമാകുന്നത് . ഈ അടുത്തകാലത്ത്, ആഗസ്ത് 2015 ല്  പ്രധാനമന്ത്രി ശ്രീ നരേന്ദ്ര മോദി യുഎഇയിലേക്ക് നടത്തിയ സന്ദർശനം , അബുദാബിയിലെ കിരീടാവകാശിയായ രാജകുമാരന് ഹിസ് ഹൈനെസ്സ് ഷേക്ക് മൊഹമ്മദ് ബിന് സയ്യദ് ആല് നഹ്യാന്, ഫെബ്രുവരി 2016ല് ഇന്ത്യയിലേക്ക് നടത്തിയ സന്ദർശനം , പ്രത്യേകിച്ചും ജനുവരി 2017 ലെ റിപ്പബ്ലിക് ദിന ആഘോഷങ്ങളിലെ മുഖ്യാതിഥി ആയിട്ടുള്ള സന്ദർശനം എന്നിവ ഈ ബന്ധത്തെ സമഗ്രമായ തന്ത്രപ്രധാന പങ്കാളിത്തത്തിലേക്ക് ഉയർത്തുകയുണ്ടായി

നമ്മുടെ വളരെ സന്തുലിതമായിട്ടുള്ള ഉഭയകക്ഷി വ്യാപാരം 50 ബില്യണ് യുഎസ് ഡോളര് ആയി കണക്കാക്കപ്പെട്ടതിലൂടെ  നമുടെ വ്യാപാര പങ്കാളികളില് മൂന്നാമത്തെ പ്രമുഖ സ്ഥാനത്താണ് യുഎഇ , അതേ സമയം യുഎഇക്ക് നമ്മളാണ് ഏറ്റവും വലിയ വ്യാപാര പങ്കാളി . നേരിട്ടുള്ള വിദേശ നിക്ഷേപങ്ങളുടെ കാര്യത്തില്  ഇന്ത്യയിലെ ഏറ്റവും വലിയ നിക്ഷേപകരാണ് യുഎഇ . അവര്  ഇന്ത്യയുടെ ഊര്ജ സുരക്ഷയില് ഗണ്യമായ രീതിയില് സംഭാവനകള് നല്കുകയും 2015-16

കാലയളവില് ഇന്ത്യക്ക്  ക്രൂഡ് ഓയില് വിതരണ ചെയ്യുന്ന അഞ്ചാമത്തെ വലിയ വിതരണക്കാരുമാണ്

യുഎഇയിലെ ഏറ്റവും വലിയ പ്രവാസി സംഘം ഏകദേശം 2.6 ദശലക്ഷം ശക്തവും വൈവിധ്യവുമുള്ള ഇന്ത്യന് സമൂഹം ആകുന്നു. അവരുടെ ആതിഥേയ രാജ്യത്തിന്റെ വികസനത്തിന് അവര് നൽകുന്ന സകാരാത്മകവും  പരക്കെ അംഗീകരിക്കപ്പെട്ടതുമായ സംഭാവനകള് ആണ് നമ്മുടെ വളരെ മികച്ച ഉഭയകക്ഷി ഇടപാടുകളിലെ പ്രധാന ഘടകം

യുഎഇയുമായി നമുക്കുള്ള പരസ്പരം പ്രയോജനകരമായ ബന്ധങ്ങളെ കൂടുതല് ശക്തമാക്കുവാന് സന്ദർശനം വളരെ ഉപകാരപ്രദമായ അവസരമാണ്

ന്യൂഡെൽഹി
ഏപ്രില്  07, 2017